(ബി) ആ ആശുപത്രിയിലുള്ള വാർഡുകൾ എത്ര; കട്ടിൽ എത്ര; ഡാക്ടർമാർ എത്ര; നേഴ്സുകൾ എത്ര;

(സി) ധാരാളം രോഗികൾ വരുന്ന ഈ ആശുപത്രിയിലെ വാർഡുകൾ കൂട്ടി വിപുലീകരിക്കുന്നതിന് ഗവണ്മെൻറ് മുൻകൈ എടുക്കുമോ?

ഉത്തരം.

(എ)	ഇൻപേഷ്യൻറ്സ്	2269
	ഔട്ടുപേഷ്യൻറ്സ്	59,513
(ബി)	വാർഡുകൾ	5
	കട്ടിൽ	69
	ഡാക്ടർമാർ	3
	നേഴ്സുകൾ	6

(സി) അതിനുവേണ്ട നടപടികൾ എടുത്തുവരികയാണ്.

ലാത്തിച്ചാർജ്ജുകൾ.

153. [6] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1945 ആഗസ്റ്റ് 15-നുശേഷം ഇതുവരെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ആകെ എത്ര ലാത്തിച്ചാർജ്ജുകൾ നടത്തിയിട്ടുണ്ട്;

(ബി) ഈ ലാത്തിച്ചാർജ്ജുകളുടെയെല്ലാം ഫലമായി എത്രപേർക്ക് അടി ഏറ്റിട്ടുണ്ടെന്നു ഗവണ്മെൻറ് വ്യക്തമാക്കുമോ;

(സി) എത്ര ലാത്തിച്ചാർജ്ജുകളെക്കുറിച്ചു പരസ്യാന്വേഷണം നടത്തണമെന്നു പൊതുജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്;

(ഡി) ആവശ്യപ്പെട്ടതിൽ എത്ര സ്ഥലത്തു പരസ്യാന്വേഷണം നടത്തി;

(ഇ) പരസ്യാന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിലേതിലെങ്കിലും ലാത്തിച്ചാർജ്ജു നടത്തുന്നതിനു നേതൃത്വം വഹിച്ച ഉദ്യോഗസ്ഥന്മാർ കുറ്റക്കാരാണെന്നു വല്ല റിപ്പോർട്ടും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം.

(എ) 13.

(ബി, സി) ലാത്തിച്ചാർജ്ജുകൾമൂലം അടിയേറ്റവർ എത്രയെന്നുള്ളതിനെ സംബന്ധിച്ചോ, എത്ര ലാത്തിച്ചാർജ്ജുകളെ സംബന്ധിച്ചു പരസ്യാന്വേഷണം ആവശ്യപ്പെട്ടിരുന്നുവെന്നതിനെ സംബന്ധിച്ചോ പ്രത്യേക വിവരങ്ങൾ ഇല്ല.

(ഡി) കൊച്ചിയിൽ രാജേന്ദ്രമൈതാനത്തു നടന്ന ലാത്തിച്ചാർജ്ജിനെപ്പറ്റി അന്വേഷണം നടത്തി.

(ഇ) അന്വേഷണത്തിൽ ഒരു ഉദ്യോഗസ്ഥനും കുറ്റക്കാരനെന്നു കണ്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly